# ഒരു കുട്ടിയുടെ ഹൃദയം സൂക്ഷിക്കുക

പുതുവത്സരസന്ദേശം 2026

പ്രകാശലോകത്ത് നിന്നുള്ള പൂജ്യ ബാബുജിയുടെ സന്ദേശത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്



ദാജി

# ഒരു കുട്ടിയുടെ ഹൃദയം സൂക്ഷിക്കുക

പുതുവത്സരസന്ദേശം 2026

പ്രകാശലോകത്ത് നിന്നുള്ള പൂജ്യ ബാബുജിയുടെ സന്ദേശത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്



उलझनों में खोया जहाँ है, मासूम सा हो जा तू
रूह का तख़्त यही दिल है जानम, सादगी में खो जा तू

*ആശയക്കുഴപ്പത്തിൽ നിങ്ങൾ അകപ്പെട്ടാൽ, നിഷ്കളങ്കനാകൂ.*
*ഹൃദയത്തിലാണ് ആത്മാവ് വസിക്കുന്നത്.*
*പ്രിയനേ, ലാളിത്യത്തിലേക്ക് സ്വയം വിട്ടുകൊടുക്കുക.*

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

2026-നോട് അടുക്കുമ്പോൾ, മാസ്റ്റർമാർ എപ്പോഴും നമ്മോട് പറഞ്ഞിട്ടുള്ള കാര്യങ്ങളെക്കുറിച്ച് നിങ്ങൾ ഒന്ന് സമയമെടുത്ത് ചിന്തിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു: ഒരു കുട്ടിയുടെ ഹൃദയം സൂക്ഷിക്കുക. എല്ലാ ആത്മീയ ജീവിതത്തിന്റെയും താക്കോൽ ഈ ലളിതമായ മാർഗ്ഗനിർദ്ദേശത്തിൽ അടങ്ങിയിരിക്കുന്നു. എന്നാൽ ഈ പാഠം എക്കാലത്തേക്കാളും പ്രധാനമായിരിക്കുന്നത് എന്തുകൊണ്ടാണെന്നും നമ്മുടെ രാജ്യത്തിന്റെ പരമോന്നതമായ മാതൃകയിലേക്കുള്ള താക്കോൽ എങ്ങനെയാണെന്നും ഞാൻ നിങ്ങളുമായി പങ്കുവെക്കട്ടെ.

ലോകം ഒരു കുടുംബമാണ്; വസുധൈവ കുടുംബകം. നമ്മുടെ ഭാരതമാതാവിന്റെ പൗരാണിക സന്ദേശമാണിത്. ഈ വാക്കുകൾ പറയുന്നതിൽ നമുക്ക് അഭിമാനമുണ്ട്. രാഷ്ട്രങ്ങൾ ഒത്തുകൂടുമ്പോൾ നമ്മൾ അങ്ങനെ പറയുന്നു. എന്നാൽ നാം ചിന്തിക്കേണ്ട ചോദ്യം ഇതാണ്: ഈ തത്വം നമ്മുടെ സ്വന്തം വീടുകളിൽ തന്നെ സാക്ഷാത്കരിക്കാൻ സാധിക്കുന്നില്ലെങ്കിൽ, ലോകത്ത് എപ്പോഴെങ്കിലും അത് സാക്ഷാത്കരിക്കപ്പെടുമോ?

നിങ്ങളുടെ കുടുംബത്തെക്കുറിച്ച് ചിന്തിക്കുക. നിങ്ങൾ മൂന്നോ, നാലോ, അതിൽ കൂടുതലോ അംഗങ്ങൾ കണ്ടേക്കാം. ഈ ചെറിയ വൃത്തത്തിനുള്ളിൽ നിങ്ങൾ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നവരെ നിങ്ങൾക്കറിയാമോ? മറ്റൊരാൾ എങ്ങനെ പ്രവർത്തിച്ചു അല്ലെങ്കിൽ പ്രവർത്തിക്കുന്നതിൽ പരാജയപ്പെട്ടു എന്നതിന്റെ രേഖകൾ നിങ്ങളുടെ ഹൃദയത്തിൽ സൂക്ഷിക്കാറുണ്ടോ? "2019 ൽ അവൾ എന്നോട് ഇത് പറഞ്ഞു." "ഞാൻ ചെയ്ത ത്യാഗത്തിനെ അവൻ ഒരിക്കലും വിലമതിച്ചില്ല." "ഞാൻ ചെയ്യുന്നതിനെ അവർ ഒരിക്കലും വിലമതിക്കില്ല." ഇവ നമ്മൾ സൂക്ഷിക്കുന്ന കണക്കുകളാണ്, ചിലപ്പോൾ അറിയാതെ പോലും അങ്ങനെ സൂക്ഷിക്കും. ഈ കണക്കുപുസ്തകങ്ങൾ നിലനിൽക്കുന്നിടത്തോളം, വസുധൈവ കുടുംബകം എന്നത് വെറും മനോഹരമായ ഒരു വാക്യം മാത്രമായിരിക്കും.

ഇനി ഒരു ചെറിയ കുട്ടിയെ നോക്കൂ. ഒരു കുട്ടിയുടെ ഹൃദയം പൂർണമാണ്. വെള്ളത്തിൽ കളിക്കുമ്പോൾ, അവർ ഹൈഡ്രജനെയും ഓക്സിജനെയും കുറിച്ച് ചിന്തിക്കാറില്ല. അവർ വെള്ളം തെറിപ്പിച്ച് കളിക്കുന്നു. സ്നേഹിക്കുമ്പോൾ അവർക്ക് സാഹചര്യങ്ങളില്ല, അതിരുകളില്ല, ഭൂതകാല വേദനകളുടെ ഓർമ്മകളില്ല. "നീ എന്റെ പ്രതീക്ഷകൾ നിറവേറ്റിയാൽ ഞാൻ നിന്നെ സ്നേഹിക്കാം" എന്ന് ഒരു കുട്ടി പറയുകയില്ല. ഇന്നലത്തെ മുറിവുകൾ ഒരു കുട്ടി ഓർത്തുവെക്കുകയില്ല. ജീവിതത്തിലെ പ്രയാസങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുകയും കഷ്ടപ്പാടുകളിൽ നിന്ന് സുരക്ഷിതമായി നിലനിൽക്കുകയും ചെയ്യുന്ന ഹൃദയമാണത്. കുടുംബം

ചെറുതായാലും ലോകം മുഴുവൻ ഉൾക്കൊള്ളുന്നതായാലും, കുടുംബത്തെ യഥാർത്ഥമാക്കാൻ കഴിയുന്ന ഒരേയൊരു ഹൃദയവും ഇതാണ്.

## ആത്മാവിന്റെ സിംഹാസനം

ആത്മാവ് വസിക്കുന്ന ഇടമാണ് ഹൃദയമെന്നും, അത് അതീന്ദ്രിയതയ്ക്കുവേണ്ടിയുള്ള അന്വേഷണത്തിലെ സത്തയാണെന്നും മാസ്റ്റർമാർ നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ നിലവാരമാണ് പ്രധാനം. നമ്മൾ എന്ത് നേടുന്നു എന്നതല്ല, നമ്മൾ എത്രത്തോളം ആത്മീയമായി കാണപ്പെടുന്നു എന്നതല്ല, എത്ര വർഷമായി നമ്മൾ ഈ പാതയിലൂടെ സഞ്ചരിച്ചു എന്നതല്ല. നമ്മുടെ ഹൃദയങ്ങൾ ശുദ്ധവും ലളിതവും ശിശുസമാനമായതുമായി തുടരുന്നുണ്ടോ എന്നതാണ് പ്രധാനം.

പഠിപ്പിക്കാതെ ഒരു കുട്ടിക്ക് എന്താണ് അറിയാൻ കഴിയുക?

സാധാരണമായ കാര്യങ്ങൾ കണ്ട് അത്ഭുതപ്പെടാൻ. തെളിവ് ആവശ്യപ്പെടാതെ വിശ്വസിക്കാൻ. കണക്കുകൾ സൂക്ഷിക്കാതെ സ്നേഹിക്കാൻ. തന്ത്രങ്ങൾ മെനയാതെ സന്നിഹിതനാകാൻ. ഓർമ്മിക്കാതെ ക്ഷമിക്കാൻ. പ്രതീക്ഷിക്കാതെ നൽകാൻ.

ആത്മാവ് വസിക്കുന്ന ഇടമാണ് ഹൃദയമെന്നും, അത് അതീന്ദ്രിയതയ്ക്കുവേണ്ടിയുള്ള അന്വേഷണത്തിലെ സത്തയാണെന്നും മാസ്റ്റർമാർ നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ നിലവാരമാണ് പ്രധാനം. നമ്മൾ എന്ത് നേടുന്നു എന്നതല്ല, നമ്മൾ എത്രത്തോളം ആത്മീയമായി കാണപ്പെടുന്നു എന്നതല്ല, എത്ര വർഷമായി നമ്മൾ ഈ പാതയിലൂടെ സഞ്ചരിച്ചു എന്നതല്ല. നമ്മുടെ ഹൃദയങ്ങൾ ശുദ്ധവും ലളിതവും ശിശുസമാനമായതുമായി തുടരുന്നുണ്ടോ എന്നതാണ് പ്രധാനം.

ഈ പട്ടിക ശ്രദ്ധാപൂർവ്വം പരിശോധിക്കുക. വസുധൈവ കുടുംബകം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത് ഇതുതന്നെയല്ലേ? തത്ത്വചിന്തയിലൂടെയും അച്ചടക്കത്തിലൂടെയും നമ്മൾ പഠിക്കാൻ ശ്രമിക്കുന്നത് കുട്ടി ഇതിനകം തന്നെ ജീവിച്ച് കാണിക്കുന്നു.

## നാം എടുത്തുകളയേണ്ട കാഠിന്യം

ജീവിതം നമ്മളെ കർക്കശക്കാരാക്കും. നിരാശകൾ ഹൃദയത്തെ കഠിനമാക്കുന്നു. ഉത്തരവാദിത്തങ്ങൾ കവചം സൃഷ്ടിക്കുന്നു. ആത്മീയ വളർച്ചക്കായി പ്രയത്നിക്കുന്നതുപോലും നേടുന്നതിനെക്കുറിച്ചാണെങ്കിൽ, ശരണാഗതിക്കുപകരം അതും കാഠിന്യമായി മാറിയേക്കാം. പതുക്കെ, അദൃശ്യമായി, നമ്മൾ കണക്കുകൾ സൂക്ഷിക്കാൻ തുടങ്ങുന്നു. പരസ്പരധാരണയില്ലാത്ത ഇണ. ഫോൺ വിളിക്കാത്ത കുട്ടി. വിസമ്മതിച്ച രക്ഷിതാവ്. പിന്തുണയ്ക്കാത്ത സഹോദരൻ. നമ്മുടെ വൈകാരികമായാ കണക്കുപുസ്തകത്തിലെ ഓരോ എഴുത്തും, നമ്മൾ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നവരിൽ നിന്ന് നമ്മെ വേർതിരിക്കുന്ന ചുവരിലെ ഇഷ്ടിക പോലെയാണ്.

നാല് പേരടങ്ങുന്ന ഒരു കുടുംബത്തിനുള്ളിലെ ഈ മതിലുകൾ നമുക്ക് തകർക്കാൻ കഴിയുന്നില്ലെങ്കിൽ, രാജ്യങ്ങൾക്കിടയിലും മതങ്ങൾക്കിടയിലും വംശങ്ങൾക്കിടയിലും ഉള്ള മതിലുകൾ തകർക്കാൻ നമുക്ക് എന്ത് പ്രതീക്ഷയാണുള്ളത്?

## 2026–ന്റെ രഹസ്യം

2026 നമുക്ക് നൽകുന്ന രഹസ്യസന്ദേശം ഇതാണ്: ദൈവത്തിലേക്കുള്ള സമീപനം ആത്മീയ അനുഭവങ്ങൾ പിന്തുടരുന്നതിലൂടെയോ ആത്മീയ അറിവ് ശേഖരിക്കുന്നതിലൂടെയോ അല്ല. കൊച്ചുകുട്ടികളെപ്പോലെയാകുന്നതിലൂടെയാണ് അത് സാധ്യമാവുക.



2026 നമുക്ക് നൽകുന്ന രഹസ്യസന്ദേശം ഇതാണ്: ദൈവത്തിലേക്കുള്ള സമീപനം ആത്മീയ അനുഭവങ്ങൾ പിന്തുടരുന്നതിലൂടെയോ ആത്മീയ അറിവ് ശേഖരിക്കുന്നതിലൂടെയോ അല്ല. കൊച്ചുകുട്ടികളെപ്പോലെയാകുന്നതിലൂടെയാണ് അത് സാധ്യമാവുക.

ഒരു പൂവിനെ അത്ഭുതത്തോടെ കാണാൻ കഴിയുന്നവർ; ലജ്ജയില്ലാതെ കരയാൻ കഴിയുന്നവർ; കാരണമില്ലാതെ ചിരിക്കാൻ സാധിക്കുന്നവർ; ഭയമില്ലാതെ സ്നേഹിക്കാൻ കഴിയുന്നവർ; കണക്കുകൾ സൂക്ഷിക്കാതെ ക്ഷമിക്കാൻ കഴിയുന്നവർ.

ദൈവവുമായി നമ്മെ ബന്ധിപ്പിക്കുന്ന അതേ ഹൃദയത്തിന് നമ്മെ പരസ്പരം ബന്ധിപ്പിക്കാനും കഴിയും. നിങ്ങൾക്ക് രണ്ട് വ്യത്യസ്ത ഹൃദയങ്ങൾ ആവശ്യമില്ല: ഒന്ന് ദൈവത്തിനും മറ്റൊന്ന് നിങ്ങളുടെ കുടുംബത്തിനും. ഒരു ഹൃദയമേ ആവശ്യമുള്ളൂ, അത് ഒരു ശിശുസഹജമായ ഹൃദയമായിരിക്കണം എന്നുമാത്രം.

വളരാനും ഗൗരവമുള്ളവനായിരിക്കാനും, സ്വയം രക്ഷിക്കാനും, നിങ്ങളുടെ ആത്മീയപുരോഗതി അളക്കാനും ലോകം നിങ്ങളോട് ആവശ്യപ്പെടും. പക്ഷേ മാസ്റ്റർമാർ പറയുന്നത് മറ്റൊന്നാണ്. “കൊച്ചുകുട്ടികളെപ്പോലെയാകൂ.” “ഉറവിടത്തിലേക്ക് മടങ്ങുക, ജീവിതം നിങ്ങളെ ഉന്മേഷഭരിതരാക്കട്ടെ.” “എല്ലാം ഹൃദയത്തിൽ നിക്ഷിപ്തമാണ്” ഇതെല്ലാമാണ് അവർ പറയുന്നത്.

## ഈ വർഷത്തിന്റെ പരിശീലനം

ഈ വർഷം, നിങ്ങളുടെ ശിശുസമാനസ്വഭാവം വീണ്ടെടുത്തുകൊണ്ട് നിങ്ങളുടെ സ്വന്തം വീട്ടിൽ നിന്ന് തന്നെ ആരംഭിക്കുക. ധ്യാനിക്കാൻ ഇരിക്കുമ്പോൾ, കണക്കുകൂട്ടലുകളോ അജണ്ടകളോ ഇല്ലാതെ

മാതാപിതാക്കളുടെ അടുത്തേക്ക് ഓടുന്ന കുട്ടിയെപ്പോലെ, ഒഴിഞ്ഞ കൈകളോടും തുറന്ന ഹൃദയത്തോടും കൂടി വരിക. ധ്യാനത്തിൽ നിന്ന് എഴുന്നേൽക്കുമ്പോൾ, അതേ ഹൃദയം തന്നെ തീൻമേശയിലേക്കും, നിങ്ങളുടെ ജീവിതപങ്കാളിയിലേക്കും, കുട്ടികളിലേക്കും, മാതാപിതാക്കളിലേക്കും കൊണ്ടുപോകുക.

ആര് എന്താണ് പറഞ്ഞതെന്ന് കൃത്യമായി എഴുതി വയ്ക്കരുത്. പഴയ വേദനകളുടെ കണക്കുകൾ സൂക്ഷിക്കരുത്. നിങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റി മറ്റുള്ളവർ നിങ്ങളുടെ സ്നേഹം നേടിയെടുക്കണമെന്ന് നിർബന്ധിക്കരുത്.

മറ്റുള്ളവർക്ക് സേവനം നൽകുമ്പോൾ, ഒരു കുട്ടി കളിപ്പാട്ടങ്ങൾ പങ്കിടുന്നതുപോലെ സേവിക്കുക: അംഗീകാരത്തിനും നേട്ടത്തിനും വേണ്ടിയല്ല, സ്വയം പങ്കിടുന്നതിന്റെ സന്തോഷത്തിനായി. ബന്ധങ്ങൾ ബുദ്ധിമുട്ടാകുമ്പോൾ, ഒരു കുട്ടി വിശ്വസിക്കുന്നത് പോലെ വിശ്വസിക്കുക. മറ്റേയാൾ അത് അർഹിക്കുന്നു എന്നതിന്റെ തെളിവുകൾ നിങ്ങളുടെ പക്കലുള്ളതുകൊണ്ടല്ല, മറിച്ച് വിശ്വാസം നിങ്ങളുടെ സ്വഭാവമായതിനാലും സംശയത്തിന് നിങ്ങളുടെ ഹൃദയത്തിൽ സ്ഥാനമില്ലാത്തതിനാലുമാണ്.

## പരിവർത്തനത്തിന്റെ അലയൊലികൾ

ഇത് ചെയ്യാൻ കഴിഞ്ഞാൽ അസാധാരണമായ എന്തെങ്കിലും സംഭവിക്കും. നമ്മുടെ സ്വീകരണമുറിയിൽ ആരംഭിക്കുന്ന വസുധൈവ കുടുംബകം പുറത്തേക്കും പ്രസരിക്കും. കണക്കുകൾ സൂക്ഷിക്കാത്ത കുടുംബം കണക്കുകൾ ഉപയോഗിക്കാത്ത ഒരു സമൂഹമായി മാറുന്നു. വ്യവസ്ഥകളില്ലാതെ സ്നേഹിക്കുന്ന ഒരു സമൂഹം വ്യവസ്ഥകളില്ലാതെ സ്നേഹിക്കുന്ന ഒരു രാജ്യത്തിന്റെ വിത്തായി മാറുന്നു. ഒരു കുടുംബമായി യഥാർത്ഥത്തിൽ മാറിയ ഒരു രാഷ്ട്രത്തിന് ഒടുവിൽ, ലോകത്തെയും യഥാർത്ഥത്തിൽ ഒരു കുടുംബമായി മാറുന്നതിന് ക്ഷണിക്കാൻ കഴിയും.

പരിവർത്തനം എവിടെയെങ്കിലും തുടങ്ങണം. അത് നിങ്ങളുടെ ഹൃദയത്തിൽ നിന്നുതന്നെ തുടങ്ങട്ടെ. അത് നിങ്ങളുടെ വീട്ടിൽ തുടങ്ങട്ടെ. ഈ വർഷം തന്നെ അത് ആരംഭിക്കട്ടെ.

## ഈ സന്ദേശത്തിന് പ്രചോദനമായ വിസ്പർ

ഈ ചിന്തകൾക്ക് കാരണമായ, പ്രകാശലോകത്തു നിന്നുള്ള ബാബുജിയുടെ സന്ദേശങ്ങളിലൊന്ന് നമുക്ക് പരിശോധിക്കാം.

2004 ഒക്ടോബർ 18 തിങ്കൾ, രാവിലെ 10:00

*"ഉപദ്രവങ്ങളിൽ നിന്ന് നിങ്ങളെ സുരക്ഷിതമാക്കിയ ഈ ശിശുസമാന ഹൃദയത്തെ കാത്തുസൂക്ഷിക്കുക. നമ്മുടെ ഓരോ സഹോദരനോടും നമുക്ക് പറയാനുള്ളത് ഇതാണ്: ആത്മാവ് വസിക്കുന്ന ഇടം ഈ ഹൃദയമാണ്, അത് അതീന്ദ്രിയതയ്ക്കുവേണ്ടിയുള്ള ഭ്രാന്തമായ അന്വേഷണത്തിന്റെ സത്തയാണ്. ഈ തലത്തിലാണ് എല്ലാം നിക്ഷിപ്തമായിരിക്കുന്നത്. ശിശുക്കളെപ്പോലെ ആയിരിക്കുക. ജീവിതം നിങ്ങളെ കർക്കശക്കാരനാക്കുകയും ഉറവിടത്തിൽ നിന്ന് അകറ്റുകയും ചെയ്തിട്ടുണ്ടെങ്കിൽ, തിരികെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ കഴിയുന്ന ഒരേയൊരു കാര്യം ഇത് മാത്രമാണ്. നിങ്ങളുടെ ആത്മീയ യാത്രയുടെ ലക്ഷ്യം യഥാർത്ഥത്തിൽ പ്രധാനപ്പെട്ട കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ നിങ്ങളെ സഹായിക്കുക എന്നതാണ്.*

*"ഈ ആവശ്യം നിങ്ങളുടെ ഉള്ളിൽ അനുഭവപ്പെടുന്നുണ്ട്. നിങ്ങളുടെ ഭൗതിക ജീവിതം നിങ്ങളെ സന്തോഷിപ്പിച്ചേക്കാം, പക്ഷേ അത് നിങ്ങളെ ശൂന്യതയിലാക്കുകയും എന്തോ നഷ്ടപ്പെട്ടതായി തോന്നിപ്പിക്കുകയും ചെയ്യും. എന്നാൽ കൃത്യമായ ഒരു പരിശീലനം ദൈവവുമായി ഒന്നാകാനുള്ള ഈ ശക്തമായ ആഗ്രഹത്തെ കൂടുതൽ കൂടുതൽ ഉപരിതലത്തിലേക്ക് കൊണ്ടുവരുന്നു. നീണ്ട ഒരു അന്വേഷണത്തിന്റെ*

*അവസാനമാണിത്; അന്വേഷിക്കുന്നയാൾ അലഞ്ഞുതിരിയുമ്പോൾ സത്യം അവരുടെ അടുക്കലേക്ക് വരുന്നു.*

*"ഈ മേഖലയിൽ എല്ലാം വളരെ എളുപ്പമാണ്: നിങ്ങൾ ചെയ്യേണ്ടത് അത് ആഗ്രഹിക്കുക മാത്രമാണ്, ശരിയായി പരിശീലിക്കുക; യഥാർത്ഥ നിയതിയിൽ നിന്ന് നിങ്ങളെ അകറ്റിയ, പ്രശ്നങ്ങൾ നിറഞ്ഞ വ്യാജ ജീവിതത്തിൽ നിങ്ങളുടെ അവകാശങ്ങൾ നഷ്ടപ്പെട്ടപ്പോൾ, ആ നഷ്ടപ്പെട്ട ജ്ഞാനം നിങ്ങൾ ഓർക്കുകയാണ് വേണ്ടത്."*

–ബാബുജി

## നമ്മൾ മറന്നുപോയ ലാളിത്യം

എല്ലാം വളരെ എളുപ്പമാണെന്നാണ് ബാബുജി പറയുന്നത്. ആഗ്രഹിക്കുക, ശരിയായി പരിശീലിക്കുക, നഷ്ടപ്പെട്ട ജ്ഞാനം വീണ്ടെടുക്കുക: ഇതാണ് നമുക്ക് വേണ്ടത്. വ്യവസ്ഥകളൊന്നുമില്ലാതെ സ്നേഹിക്കുകയും, ഓർമ്മിക്കാതെ ക്ഷമിക്കുകയും, പകരം ഒന്നും പ്രതീക്ഷിക്കാതെ നൽകുകയും ചെയ്യുന്ന ഒരു കുട്ടിയുടെ ജ്ഞാനമാണത്. ആ ജ്ഞാനമാണ് വസുധൈവ കുടുംബകം സാധ്യമാക്കുന്നത്. ആ ജ്ഞാനം നമുക്ക് ജന്മനാ ലഭിച്ച ഹൃദയത്തിലാണ് വസിക്കുന്നത്, നമുക്കത് വീണ്ടെടുക്കാൻ പരിശ്രമിക്കാം.

2026 നിങ്ങൾക്ക് കൂടുതൽ ലളിതമാവാൻ അനുവദിക്കുന്ന വർഷമാകട്ടെ. അനായാസേന ചിരിക്കുകയും, വിഷമമില്ലാതെ കരയുകയും, തുറന്നു സ്നേഹിക്കുകയും, ആഴത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന വർഷമാകട്ടെ അത്. പതിറ്റാണ്ടുകളായി, നിങ്ങൾ ഏറ്റവും സ്നേഹിക്കുന്നവരെക്കുറിച്ച് സൂക്ഷിച്ചിരുന്ന സ്കോർകാർഡുകൾ കത്തിച്ചുകളയുന്ന വർഷമാകട്ടെ ഇത്. ഇനി എന്തെങ്കിലും നേടുന്നതിനുവേണ്ടിയാവരുത് നിങ്ങളുടെ പരിശീലനം; എപ്പോഴും ഉണ്ടായിരുന്നതിന്റെ ബാഹ്യാവിഷ്ക്കാരത്തിനാവട്ടെ അത് – ഒരിക്കലും

നഷ്ടപ്പെട്ടിട്ടില്ലാത്ത, ശ്രദ്ധിക്കപ്പെടാനും ബഹുമാനിക്കപ്പെടാനും ജീവിക്കാനും വേണ്ടി മാത്രം കാത്തിരുന്ന ആ ദിവ്യ ശിശുവിന്റെ.

2026 നിങ്ങൾക്ക് കൂടുതൽ ലളിതമാവാൻ അനുവദിക്കുന്ന വർഷമാകട്ടെ. അനായാസേന ചിരിക്കുകയും, വിഷമമില്ലാതെ കരയുകയും, തുറന്നു സ്നേഹിക്കുകയും, ആഴത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന വർഷമാകട്ടെ അത്. പതിറ്റാണ്ടുകളായി, നിങ്ങൾ ഏറ്റവും സ്നേഹിക്കുന്നവരെക്കുറിച്ച് സൂക്ഷിച്ചിരുന്ന സ്കോർകാർഡുകൾ കത്തിച്ചുകളയുന്ന വർഷമാകട്ടെ ഇത്. ഇനി എന്തെങ്കിലും നേടുന്നതിനുവേണ്ടിയാവരുത് നിങ്ങളുടെ പരിശീലനം; എപ്പോഴുംഉണ്ടായിരുന്നതിന്റെബാഹ്യാവിഷ്ക്കാരത്തിനാവട്ടെ അത് – ഒരിക്കലും നഷ്ടപ്പെട്ടിട്ടില്ലാത്ത, ശ്രദ്ധിക്കപ്പെടാനും ബഹുമാനിക്കപ്പെടാനും ജീവിക്കാനും വേണ്ടി മാത്രം കാത്തിരുന്ന ആ ദിവ്യ ശിശുവിന്റെ.

## ഒരു ലക്ഷ്യസ്ഥാനം, ഒരു ഹൃദയം

നിങ്ങൾ ആഗ്രഹിക്കുന്ന ഐക്യം, നിങ്ങൾ പ്രാർത്ഥിക്കുന്ന ലയനം, നിങ്ങൾ പരിശീലിക്കുന്ന അതീന്ദ്രിയത: എല്ലാം ഒരു ശിശുവിന്റെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്നു. അതുപോലെയാണ് വസുധൈവ കുടുംബകം. ഇവ രണ്ട് വ്യത്യസ്ത ലക്ഷ്യസ്ഥാനങ്ങളല്ല. അവ രണ്ടും ഒന്നുതന്നെയാണ്. ദൈവവുമായി ലയിക്കാൻ കഴിയുന്ന ഹൃദയത്തിന് കുടുംബവുമായും ലയിക്കാൻ കഴിയും. ദൈവവുമായി കണക്കു സൂക്ഷിക്കാത്ത ഹൃദയം ജീവിതപങ്കാളിയുമായോ, കുട്ടികളുമായോ, മാതാപിതാക്കളുമായോ, സഹോദരങ്ങളുമായോ കണക്കു സൂക്ഷിക്കുകയില്ല.

ആ കുട്ടി നിങ്ങളാണ്, അതെപ്പോഴും ഉണ്ടായിരുന്നു, എപ്പോഴും ഉണ്ടായിരിക്കുകായും ചെയ്യും.

## പുതുവത്സരാശംസകൾ 2026!

**പ്രിയപ്പെട്ടവരേ, ആശയക്കുഴപ്പം നിലനിൽക്കുന്നിടത്ത് നമുക്ക് നിഷ്കളങ്കരാകാം.**

उलझनों में खोया जहाँ है, मासूम सा हो जा तू
रूह का तख़्त यही दिल है जानम, सादगी में खो जा तू


*ആശയക്കുഴപ്പത്തിൽ നിങ്ങൾ അകപ്പെട്ടാൽ, നിഷ്കളങ്കനാകൂ.*
*ഹൃദയത്തിലാണ് ആത്മാവ് വസിക്കുന്നത്.*
*പ്രിയനേ, ലാളിത്യത്തിലേക്ക് സ്വയം വിട്ടുകൊടുക്കുക.*

പുതുവത്സരവേളയിൽ നൽകിയ സന്ദേശം, 2026 ജനുവരി 1



## ദാജിയുമൊത്തുള്ള മാസ്റ്റർക്ലാസുകൾ

നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഹാർട്ട്ഫുൾനെസ് ധ്യാനം ആരംഭിക്കാം! മൂന്ന് ഭാഗങ്ങളുള്ള മാസ്റ്റർക്ലാസ് പരമ്പരയിൽ ദാജിയോടൊപ്പം ചേരൂ, ഹാർട്ട്ഫുൾനെസ് പരിശീലനത്തിന്റെ ഗുണങ്ങൾ അദ്ദേഹം നിങ്ങളുമായി പങ്കുവെക്കുകയും, നിങ്ങളുടെ ദിനചര്യയിൽ ഹാർട്ട്ഫുൾനെസ് റിലാക്സേഷൻ, ധ്യാനം, ശുദ്ധീകരണം, പ്രാർത്ഥന എന്നിവ എങ്ങനെ സംയോജിപ്പിക്കാമെന്ന് വിശദീകരിക്കുകയും ചെയ്യുന്നു. എല്ലാ മാസ്റ്റർക്ലാസുകളും സൗജന്യമാണ്.



https://heartfulness.org/global/masterclass/

## ഹാർട്ട്ഫുൾനെസ് പരിശീലനങ്ങൾ

ഹാർട്ട്ഫുൾനെസ് പരിശീലനരീതികൾ മനസ്സിലാക്കുക – വിശ്രാന്തിയിലാവാനും, ധ്യാനിക്കാനും ശുദ്ധീകരിക്കാനും, പ്രാർത്ഥിക്കാനും പഠിക്കുക.

https://heartfulness.org/in-en/heartfulness-practices/

heartfulness
purity weaves destiny

